LIBRARY ARCHIVES Kerala Legislative Assembly

ഡിജിറ്റൽ ഇമേജ് പ്രിന്റിംഗ്

11 (*461) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇതുവരെ ഏതെല്ലാം വകുപ്പുകളിൽ ആധുനിക വത്ക്കരണത്തിന്റെ ഭാഗമായി സി-ഡിറ്റിന്റെ സഹകരണത്തോടെ ഡിജിറ്റൽ ഇമേജ് പ്രിന്റിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് ;

(ബി) സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും ഈ സംവിധാനം ലഭ്യമാക്കിയിട്ടുണ്ടോ ;

(സി) ഈ സംവിധാനം പൂർണ്ണമായി നിലവിൽ വന്നാൽ പൊതു ജനത്തിന് എന്തൊക്കെ സേവനങ്ങൾ നൽകാൻ കഴിയുമെന്ന് വിശദമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ)

(എ) സി-ഡിറ്റിന്റെ സഹകരണത്തോടെ രജിസ്ട്രേഷൻ വകുപ്പിൽ മാത്രമാണ് ഡിജിറ്റൽ ഇമേജ് പ്രിന്റിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി) ഈ സംവിധാനം സംസ്ഥാനത്തെ 309 സബ് രജിസ്ട്രാർ ആഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ട്. 2009-ൽ ആരംഭിച്ച പാലക്കാട് ജില്ലയിലെ കോട്ടായി സബ്രജിസ്ട്രാർ ഓഫീസിൽ ഈ സംവിധാനം ഏർപ്പെടു ത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) മുൻകാലങ്ങളിൽ പ്രമാണത്തിന്റെ പകർപ്പ് ലഭിക്കുവാൻ 6 മാസം മുതൽ 1 വർഷം വരെ കാലതാമസം നേരിട്ടിരുന്നു. എന്നാൽ ഈ സംവിധാനം നടപ്പിലാക്കിയശേഷം പ്രമാണങ്ങളുടെ പകർപ്പുകൾ ലഭിക്കാൻ ഒരു ദിവസത്തെ താമസം മാത്രമേ നേരിടുന്നുള്ളൂ.

സുരക്ഷാ ഭവന പദ്ധതി

12 (*462) ശ്രീ. രാജു എബ്രഹാം :
ശ്രീ. ബി. രാഘവൻ :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സന്നദ്ധ സംഘടനകളുടെ സഹായത്തോടെ നടപ്പാക്കുന്ന സുരക്ഷാ ഭവന പദ്ധതിയുടെ വിശദാംശം നൽകുമോ ;